"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഗ്രാമ/ബ്ലോക്ക്/ജില്ലാ/സംസ്ഥാന തലങ്ങളിൽ ജോലി ചെയ്യുന്ന കരാർ, ദിവസവേതന ജീവനക്കാർക്ക് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് (ഇ.പി.എഫ്) ആനുകൂല്യം അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(കൈ) നം.163/2024/LSGD തീയതി,തിരുവനന്തപുരം, 22-11-2024

---

പരാമർശം:-

1. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ 08.05.2018-ലെ K-11033/14/2015-MGNREGA-V (FTS-341091) നമ്പർ കത്ത്
2. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.10.2023-ന് നടന്ന യോഗത്തിലെ തീരുമാനം
3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഡയറക്ടറുടെ 08.12.2023-ലെ NREGA/90/2022-A3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ/സംസ്ഥാന തലങ്ങളിൽ ജോലി ചെയ്യുന്ന കരാർ, ദിവസവേതന ജീവനക്കാർക്ക് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് (ഇ.പി.എഫ്) ആനുകൂല്യം അനുവദിക്കണമെന്ന ആവശ്യത്തിൽ പരാമർശം (2)-ന്റെ അടിസ്ഥാനത്തിൽ മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം (3) പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ/സംസ്ഥാന തലങ്ങളിൽ ജോലി ചെയ്യുന്ന കരാർ, ദിവസവേതന ജീവനക്കാർക്ക് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് (ഇ.പി.എഫ്) ആനുകൂല്യം അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(i) ഇ.പി.എഫ്. റൂൾസ് പ്രകാരം 15,000/- രൂപ വരെ പ്രതിമാസ വേതനം കൈപ്പറ്റുന്ന ജീവനക്കാരെയാണ് നിർബന്ധമായും ഇ.പി.എഫ് അംഗങ്ങളാക്കേണ്ടത്. തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്ക് ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിലവിലെ വേതനം 24,040/- രൂപ ആയതിനാൽ ടി ജീവനക്കാരെ ഓപ്ഷണൽ ആയി അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാവണം പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്യേണ്ടത്.

(ii) 15,000/- രൂപ വരെ വേതനമുള്ള ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ നിർബന്ധമായും, ഉയർന്ന വേതനമുള്ളവരെ അവരുടെ അപേക്ഷയുടെ

അടിസ്ഥാനത്തിലും ഇ.പി.എഫ്-ൽ ചേർക്കാവുന്നതാണ്.

(iii) പഞ്ചായത്ത്/ബ്ലോക്ക് തലങ്ങളിൽ നിയമിച്ചിട്ടുള്ള ജീവനക്കാരെ വരിക്കാരാക്കുന്നതിനുള്ള ചുമതല അതാത് തദ്ദേശ സ്ഥാപനത്തിന് തന്നെ ആയിരിക്കും. ജില്ലാ-സംസ്ഥാന തലങ്ങളിൽ അതാത് ഓഫീസ് മേലധികാരിക്കായിരിക്കും ചുമതല

(iv) 15,000/- രൂപയോ അതിലധികമോ പ്രതിമാസ വേതനം പറ്റുന്ന താത്കാലിക ജീവനക്കാരിൽ നിന്ന് പരമാവധി 1800/- രൂപ (12% of 15000) ജീവനക്കാരന്റെ വിഹിതമായി ഈടാക്കി അതിനനുസൃതമായി പരമാവധി 1950/- രൂപ (13% of 15000) തൊഴിലുടമ വിഹിതവും ചേർത്ത് എല്ലാ മാസവും പതിനഞ്ചാം തീയതിക്ക് മുൻപായി ഇ.പി.എഫ് -ൽ ഒടുക്കേണ്ടതാണ്.

(v) Shram Suvidha പോർട്ടൽ മുഖേന എംപ്ലോയർ ആയി രജിസ്റ്റർ ചെയ്ത് ഓൺലൈൻ ആയാണ് സ്ഥാപനങ്ങൾ തുക ഒടുക്കേണ്ടത്. ഇപ്രകാരം ഒടുക്കുന്ന തുകയിൽ എംപ്ലോയർ വിഹിതം (13%) പദ്ധതിയുടെ അഡ്മിൻ ഫണ്ടിൽ നിന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് റീ ഇമ്പേഴ്സ് ചെയ്ത് നൽകേണ്ടതാണ്.

(vi) ജില്ലാ ഓഫിസുകളിലെയും സ്റ്റേറ്റ് മിഷൻ ഓഫീസിലെയും താത്കാലിക ജീവനക്കാർക്കും ഇ.പി.എഫ് ബാധകമാക്കേണ്ടതും ജീവനക്കാർ സന്നദ്ധത അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ Shram Suvidha പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് ജില്ലാ-സ്റ്റേറ്റ് മിഷൻ ഓഫീസുകൾക്ക് വിഹിതം ഒടുക്കാവുന്നതുമാണ്.

(vii) സമയബന്ധിതമായി തുക ഒടുക്കാതിരുന്നാൽ വലിയ തുക പിഴയായി ഈടാക്കപ്പെടാം എന്നതിനാൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ സെക്രട്ടറി, ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ തലത്തിൽ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, സ്റ്റേറ്റ് മിഷൻ തലത്തിൽ JDC(RE) എന്നീ ഉദ്യോഗസ്ഥർ ഇ.പി.എഫ് നോഡൽ ഓഫീസർമാരായി പ്രവർത്തിച്ച് പ്രവർത്തനങ്ങൾ സുഗമമായി നിർവ്വഹിക്കേണ്ടതാണ്.

(viii) ഭരണച്ചെലവിനത്തിലെ 100% തുകയും കേന്ദ്ര സർക്കാരാണ് അനുവദിക്കുന്നതെങ്കിലും, ഭരണച്ചെലവ് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യങ്ങളിൽ ഇ.പിഎഫ്-ൽ അടയ്ക്കേണ്ട തുക അതാത് മാസം ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതും കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി തുക റീക്കൂപ്പ് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം,തിരുവനന്തപുരം

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും

എല്ലാ MGNREGA ഓംബുഡ്സ്മാന്മാർക്കും

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Nisam N

Date: 23-11-2024 10:46:00

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്